ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

---

നം: ആവഡ/1123/2026-ഇഎൽ4 തീയതി: 05-02-2026

## നോട്ടീസ്

വിഷയം:- ആവഡ- ശ്രീ. രാജേഷ്. കെ.വി(പെൻ.618066) യ്ക്ക് ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ സീനിയോറിറ്റി നൽകുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1554/2025 നമ്പർ കേസിലെ ഉത്തരവിന് അനുസൃതമായി സീനിയോറിറ്റി നൽകി നോട്ടീസ് പുറപ്പെടുവിക്കുന്നു

സൂചന:- 1.ഉത്തരവ് നം: ആവഡ/22596/2025/ഇഇ4തീയതി:03-01-2026
2.ഉത്തരവ് നം:ഇ.എസ്3-9689/2023/ആവഡ തീയതി: 19-02-2025

ആരോഗ്യ വകുപ്പിൽ 31/12/2022 തീയതി വരെ ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക സുചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പാലക്കാട് ജില്ലയിലെ കുമാരനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ്I ആയ ശ്രീ. രാജേഷ്. കെ.വി-ക്കു ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഇഇ4-3347/2021/ആവഡ തീയതി 04.06.2021 എന്ന ഉത്തരവ് പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സുചന(2)ഫാർമസിസ്റ്റ് ഗ്രേഡ്I സീനിയോറിറ്റി പട്ടികയിൽ 710-ാം സ്ഥാനം നൽകുകയും ചെയ്തിരുന്നു.

എന്നാൽ ശ്രീ. രാജേഷ്. കെ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No 1554/2025 കേസിലെ 10/09/2025,13/11/2025 തീയതികളിലെ വിധിന്യായപ്രകാരം ടിയാൾക്ക് ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകി അർഹമായ ശമ്പള കുടിശ്ശിക നൽകുന്നതിന് സർക്കാർ അനുമതി നൽകി. തുടർന്ന് ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിലെ ഒഴിവിലേക്ക് ടിയാനെ മറികടന്നു തൊട്ടു ജൂനിയർക്ക് സ്ഥാനക്കയറ്റം നൽകിയ 10.12.2014 തീയതി പ്രാബല്യത്തിൽ ശ്രീ. രാജേഷ്. കെ.വി യ്ക്ക് മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകിക്കൊണ്ട് സുചന(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഈ സാഹചര്യത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിയ 10.12.2014 തീയതി പ്രാബല്യത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് I സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുന്നതിന് ടിയാൾക്ക് അർഹതയുണ്ട്. ആയതിനാൽ ശ്രീ രാജേഷ് കെ വി യെ സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഫാർമസിസ്റ്റ് ഗ്രേഡ് I സീനിയോറിറ്റി പട്ടികയിൽ 188 A എന്ന് റാങ്ക് നമ്പർ നൽകുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് നോട്ടീസ് പുറപ്പെടുവിക്കുന്നു. വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.

പ്രസ്തുത നോട്ടീസിനെതിരെ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ ഉചിതമാർഗ്ഗേന ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപമില്ലായെന്ന നിഗമനത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഇ മെയിൽ വിലാസം: elsectiondhs@gmail.com. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

Digitally signed by
Shinu K S
Date: 05-02-2026
12:47:34

2. എല്ലാ കീഴ് സ്ഥാപന മേധാവികൾക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്:

1. ശ്രീ. രാജേഷ്. കെ.വി ഫാർമസിസ്റ്റ് ഗ്രേഡ്-I
പ്രാഥമികാരോഗ്യ കേന്ദ്രം, കുമാരനല്ലൂർ,പാലക്കാട്
(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സുപ്രണ്ട് ഇ. ഇ സെക്ഷൻ
3. ഫയൽ/ കരുതൽ ഫയൽ

അനുബന്ധം

ഉത്തരവ് നം.ഇ.എസ്3–9689/2023/ആ.വ.ഡ. തീയതി 19/02/2025 പ്രകാരമുള്ള 31/12/2022 വരെയുള്ള ഫാർമസിസ്റ്റ് ഗ്രേഡ് 1 സിനിയോരിറ്റി പട്ടികയിൽ ശ്രീ. രാജേഷ് കെ.വിയെ താൽക്കാലികമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പട്ടിക

| SL.NO | PEN | NAME | Date of Birth | Qualification | Rank No.In The Pharmacist GR II Seniority List | Existing Rank in the PharmacistGR I ( Order No. ES3-9689/2023/DHS DTD 19.02.2025 | Proposed Rank in the Pharmacist GR I ( Order No. ES3-9689/2023/DHS DTD 19.02.2025 | Order No. & Date of Promotion as Pharmacist Gr.I | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 618066 | RAJESH K.V | 30/05/1983 | PDC, M.Pharm | 367 (Period 1999-2008) | 710 | 188 A | DHS/22596/2025/EE4 Dtd:03/01/2026, wef 10-12-2014 | Compliance of judgement in OA1554/2025 |

Digitally signed by
Shinu K S
Date: 05-02-2026
12:46:48

Additional Director of Health Services( A&T)